# കേരള സർക്കാർ

78877/ആർ.എ 1/2013/തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്
തിരുവനന്തപുരം, തീയതി:12.03.2014.

## സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - 20,000 $m^2$ ന് മുകളിലുള്ള കെട്ടിടങ്ങൾക്ക് പരിസ്ഥിതി വകുപ്പിന്റെ ക്ലിയറൻസ് വാങ്ങുന്നത് - സംബന്ധിച്ച്.

കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതിവന മന്ത്രാലയം S.O.1533-10 നമ്പരായി 14.09.2006 ൽ പുറപ്പെടുവിച്ചിട്ടുള്ള പരിസ്ഥിതി ആഘാത വിലയിരുത്തൽ വിജ്ഞാപന (E1A Notification 2006) ത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ട് പ്രവൃത്തികൾ പുതുതായി തുടങ്ങുകയോ, നിലവിലുള്ളവയിൽ വ്യതിയാനങ്ങൾ വരുത്തുകയോ ചെയ്യുന്നതിന് മുൻപായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെയോ, കേന്ദ്ര സർക്കാർ രൂപീകരിച്ച State Level Environment Impact Assessment Authority (SEIAA) യുടെയോ മുൻകൂർ പാരിസ്ഥിതികാനുമതി (Environmental Clearance or EC) വാങ്ങിയിരിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിരിക്കുന്നു. 20,000 സ്ക്വ.മീറ്ററും അതിൽ കൂടുതലോ ഉള്ള കെട്ടിട നിർമ്മാണമോ അഥവാ 50 ha കൂടുതൽ സ്ഥല വിസ്തീർണ്ണമോ ഉള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് State Level Impact Assessment Authority യിൽ നിന്നും മുൻകൂർ പാരിസ്ഥിതികാനുമതി ആവശ്യമാണ്.

കേന്ദ്ര സർക്കാരിന്റെ 2006 ലെ നോട്ടിഫിക്കേഷൻ പ്രാബല്യത്തിൽ വന്നതിനുശേഷവും പല പ്രോജക്ടുകളും കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റേയോ State Level Impact Assessment Authority യുടേയോ മുൻകൂർ പാരിസ്ഥിതികാനുമതി വാങ്ങാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണാനുമതി നൽകിയിട്ടുള്ളതായും, പല നിർമ്മാണങ്ങളും ഇപ്പോൾ തുടർന്നു വരുന്നതായും, സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻകൂർ പാരിസ്ഥിതികാനുമതി വേണമെന്നിരിക്കെ, നിർമ്മാണങ്ങളും പദ്ധതികളും പൂർത്തീകരിച്ച ശേഷം പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്നതിന് ശ്രമിക്കുന്നത് വളരെയേറെ പ്രയാസങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും കാരണമാകും. എന്ന് മാത്രമല്ല, പാരിസ്ഥിതികാനുമതി ലഭിക്കാതെയുള്ള നിർമ്മാണങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടി വരുന്നത് പല ബുദ്ധിമുട്ടുകളും സൃഷ്ടിക്കാനിടയുണ്ട്. ആയതിനാൽ, പരിസ്ഥിതി ക്ലിയറൻസ് ആവശ്യമായ പ്രോജക്ടുകൾക്ക് അവ ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രമേ നിർമ്മാണാനുമതി നൽകാവൂ. കൂടാതെ പ്ലോട്ടിൽ നിലവിലുള്ളതും, നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതുമായ കെട്ടിടത്തിന്റെ ആകെയുള്ള built up area യാണ് പരിസ്ഥിതി ക്ലിയറൻസ് കണക്കാക്കുന്നത്.

(തുടർച്ച.............2)

ഇക്കാര്യം ഉറപ്പുവരുത്തുന്നതിൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യക്തിപരമായി കടപ്പെട്ടിരിക്കുന്നതാണെന്ന് ഇതിനാൽ വ്യക്തമാക്കിക്കൊള്ളുന്നു.

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്).
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്).
3. സെക്രട്ടറി, കോർപ്പറേഷൻ (തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ, കൊച്ചി)
4. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
5. റീജിയണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യം (കൊല്ലം, കൊച്ചി, കോഴിക്കോട്)
6. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
7. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
8. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ (തദ്ദേശസ്വയംഭരണ വകുപ്പിന്റേയും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
9. പബ്ലിക് റിലേഷൻസ് ഡയറക്ടർ (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകുവാൻ)
10. പരിസ്ഥിതി വകുപ്പ്
11. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :

1. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
4. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
5. തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്
6. തദ്ദേശസ്വയംഭരണ (ആർ.ഡി/ആർ.ബി) വകുപ്പുകൾ.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ